# കേരള സ്റ്റേറ്റ് റോഡ്ട്രാൻസ്പോർട്ട് കോർപ്പറേഷൻ

No.A&VC5/1665/2022

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ ,ഫോർട്ട്,
തിരുവനന്തപുരം,തീയതി :30.01.2024

## കാരണം കാണിക്കൽ നോട്ടീസ്

ചേർത്തല യൂണിറ്റിലെ റിസർവ്വ് കണ്ടക്ടർ, ശ്രീ.വിപിൻ ജോസ് എന്ന താങ്കൾ 09.04.2012 മുതൽ ജോലിയ്ക്ക് ഹാജരാകാതെ അനധികൃതമായി അവധിയിൽ തുടരുന്നു. യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെയും, മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് കുറ്റകരമാണ്. ആയത് കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. മേൽകാരണങ്ങളാൽ ചേർത്തല യൂണിറ്റിലെ റിസർവ്വ് കണ്ടക്ടർ ശ്രീ വിപിൻ ജോസ് - എന്ന താങ്കൾക്ക് 1960 –ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 18.01.2023 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

കുറ്റപത്രം താങ്കളുടെ മേൽവിലാസത്തിൽ കൈമാറിയിട്ടും ആയതിന് ഒരു വിശദീകരണവും താങ്കൾ നൽകിയില്ല. തുടർന്ന് നിശ്ചിത സമയപരിധിയ്ക്ക് ശേഷം ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി ആലപ്പുഴ ജില്ലാധികാരിയെ നിയോഗിക്കുകയും താങ്കൾക്ക് വിചാരണക്ക് മതിയായ അവസരം നൽകിയിട്ടും വിചാരണയ്ക്ക് ഹാജരാകാത്തതിനെ തുടർന്ന് ലഭ്യമായ രേഖകളുടെയും സാക്ഷി മൊഴികളുടെയും അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി 05.07.2023 – ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് 14.07.2023 ന് അയച്ചു നൽകുകയും അന്വേഷണത്തിൽ താങ്കൾ നാട്ടിൽ ഇല്ലായെന്നും അഞ്ചുവർഷമായി ഇറ്റലിയിൽ ജോലി ചെയ്യുകയാണെന്നും ബോധ്യപ്പെട്ടതായി ഇൻസ്പെക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് വിശദാന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് താങ്കളുടെ അടുത്ത ബന്ധുവിന് 03.09.2023- ന് കൈമാറി. എന്നാൽ നാളിതുവരെ താങ്കൾ യാതൊരുവിധ മറുപടിയും നൽകിയില്ല.

താങ്കളുടെ ഫയലും, അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു. റിസർവ്വ് കാലയളവിൽ ഇപ്രകാരം ജോലിയ്ക്ക് ഹാജരാകാതെ അനധികൃത അവധിയിലായതിന് തൃപ്തികരമായ വിശദീകരണം താങ്കൾ ഒരു ഘട്ടത്തിലും നൽകിയിട്ടില്ല. 09.04.2012 മുതൽ ജോലിയിൽ നിന്നും അനധികൃതമായി വിട്ടു നിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും ചെയ്തു താങ്കളുടെ മേൽ പ്രവൃത്തി കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ കോർപ്പറേഷന്റെ അനുവാദം ഇല്ലാതെ വിദേശത്ത് ജോലിയ്ക്ക് പോയ താങ്കളുടെ പ്രവൃത്തി ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ്. പ്രസ്തുത കുറ്റത്തിന് കഠിനമായ ശിക്ഷയ്ക്ക് താങ്കൾ അർഹനാണ്. ആകയാൽ ചേർത്തല യൂണിറ്റിലെ റിസർവ്വ് കണ്ടക്ടർ ശ്രീ.വിപിൻ ജോസ് എന്ന താങ്കളെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും,അപ്പീലും)ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ഈ ശിക്ഷ ശ്രീ.വിപിൻ ജോസ് എന്ന താങ്കളിൽ ചുമത്തപ്പെടാതിരിക്കാനുള്ള എന്തെങ്കിലും വിശദീകരണം താങ്കൾക്ക് ബോധിപ്പിക്കാനുണ്ടെങ്കിൽ ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് പരിഗണിക്കുന്നതാണ്. വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ,വിശദീകരണമോ നല്കുവാനില്ലായെന്ന് അനുമാനിക്കുന്നതും അനന്തര നടപടി കൈക്കൊള്ളുന്നതുമാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ്
ശ്രീ .വിപിൻജോസ് ,റിസർവ്വ് കണ്ടക്ടർ,ചേർത്തല
(ജില്ലാധികാരി ആലപ്പുഴ മുഖാന്തരം)

പകർപ്പ് : ജില്ലാ അധികാരി ആലപ്പുഴ - ടി നോട്ടീസ് ടിയാന് കൈമാറി
കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിവച്ച് ഒപ്പിട്ട്,
തിരിച്ചയക്കേണ്ടതാണ്

ഫയൽ&സ്റ്റോക്ക് ഫയൽ

DL